**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2527** **23-02-2026 - ൽ മറുപടിയ്ക്ക്**

**വനിതാ സംരംഭകത്വ വികസന നടപടികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</td><td colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>വനിതകൾക്ക് സ്വയംതൊഴിൽ തുടങ്ങുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ;</td><td>(എ)</td><td>വനിതകൾ ഉൾപ്പെടെയുള്ള സംരംഭകർക്ക് സ്വയംതൊഴിൽ തുടങ്ങുന്നതിനായി നൽകിവരുന്ന സഹായങ്ങൾ സംബന്ധിച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സംരംഭക സഹായ പദ്ധതി (ESS)<br><br>വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 30 ലക്ഷം രൂപ വരെ സഹായമായി നൽകുന്നു. സ്ത്രീകൾ, യുവജനങ്ങൾ SC/ST പ്രവാസി മലയാളികൾ എന്നിവരിൽ പെട്ട സംരംഭകർ സ്ഥാപിക്കുന്ന എല്ലാത്തരം സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 25% സഹായം പരമാവധി 40 ലക്ഷം രൂപയിൽ നിജപ്പെടുത്തി നൽകുന്നു. മുൻഗണനാ വിഭാഗത്തിൽ പെടുന്ന സംരംഭങ്ങൾക്കും പിന്നോക്ക ജില്ലകളിൽ നിന്നുള്ള സംരംഭകർക്കും 10% വീതം അധിക ആനുകൂല്യവും ലഭിക്കുന്നു.<br><br>2. ഒരു കുടുംബം ഒരു സംരംഭം പദ്ധതി<br>ഉല്പാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പക്കു പലിശ ഇളവ് നൽകുന്നതിനാണ് ഒരു കുടുംബം ഒരു സംരംഭം പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതകൾ ആയിരിക്കണം .<br><br>3. നാനോ യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്പദ്ധതി</td></tr>
</table>

വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin Money Grant നല്കി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറുകിട സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉല്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹത ഉണ്ട്. ജനറൽ വിഭാഗത്തിന് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 30 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 30 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. എസ്.സി/ എസ്.ടി/ വനിതകൾ/ വിമുക്ത ഭടന്മാർ/ 40 വയസ്സു വരെയുള്ള യുവ സംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കൾ വനിതകൾ ആയിരിക്കണം .

**പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി**

**[പി എം ഇ ജി പി]**

വനിതകൾക്ക് സ്വയം തൊഴിൽ തുടങ്ങുന്നതിനായി പി.എം.ഇ.ജി.പി (പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി) വഴി സഹായങ്ങൾ നൽകി വരുന്നു. പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

പഴയ ആർ.ഇ.ജി.പി-യും പി.എം.ആർ.വൈ സ്കീമും ലയിപ്പിച്ചുകൊണ്ടുള്ള പി.എം.ഇ.ജി.പി കേന്ദ്ര സർക്കാരിന്റെ ക്രെഡിറ്റ് ലിങ്ക്ഡ് സ്കീം ആണ്. കെവിഐസി, സ്റ്റേറ്റ്/ യുടി ഖാദി & വി ഐ ബോർഡുകൾ വഴി ഗ്രാമീണ മേഖലകളിലും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ഗ്രാമ നഗര പ്രദേശങ്ങളിലും കെവിഐസി/ കെവിഐബി / ഡിഐസി എന്നിവയ്ക്കിടയിൽ യഥാക്രമം 30:30:40 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

**<u>കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ)</u>**

**ലക്ഷ്യങ്ങൾ:**

കരകൗശല മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്ന കരകൗശല മേഖലയിലെ വിദഗ്ധർക്ക് ഒറ്റത്തവണ സഹായം (ഗ്രാന്റ്) നൽകാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. സംരംഭം ആരംഭിച്ച ശേഷമാണ് ഗ്രാന്റ് ലഭ്യമാക്കുന്നത്. കേന്ദ്ര സർക്കാരിലെ കരകൗശല വികസന കമ്മീഷണറുടെ ഓഫീസിലോ, കേരളാ സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ്സ് അപ്പെക്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (സുരഭി), കേരളാ സ്റ്റേറ്റ് ബാംബൂ ഡെവലപ്മെന്റ് കോർപ്പറേഷന് (കെ എസ് ബി സി), കേരളാ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന് (കാഡ്കോ), ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് ഓഫ് കേരളാ ലിമിറ്റഡ് (എച് ഡി സി കെ), കേരളാ സ്റ്റേറ്റ് പാമിറ പ്രോഡക്ട് ഡെവലപ്മെന്റ് ആൻഡ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷന് ലിമിറ്റഡ് (കെൽപാം) എന്നിവിടങ്ങളിലോ രജിസ്റ്റർ ചെയ്തിട്ടുള്ള കരകൗശല വിദഗ്ധരെയാണ് ഈ പദ്ധതിയിൽ കരകൗശല വിദഗ്ധരായി കണക്കാക്കപ്പെടുന്നത്.

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന്; കരകൗശലമേഖലയിൽ വിപുലമായ പിന്തുണ നൽകാനും, സ്ത്രീസംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾ ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും, ആശ പദ്ധതി ലക്ഷ്യമിടുന്നു. കരകൗശല മേഖലയിൽ ഏർപ്പെട്ടിരിക്കുന്നതും സംസ്ഥാനത്ത് സ്ഥാപിതമായതുമായ എല്ലാ സൂക്ഷ്മ സംരംഭങ്ങളും, ഉദ്യം രജിസ്ട്രേഷനോ അല്ലെങ്കിൽ MSME മന്ത്രാലയം കാലാകാലങ്ങളിൽ വ്യക്തമാക്കുന്ന മറ്റേതെങ്കിലും രജിസ്ട്രേഷനോ ഉള്ള യൂണിറ്റുകൾക്ക് ആശ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്.

**<u>പി.എം. വിശ്വകർമ്മ പദ്ധതി</u>**

വിശ്വകർമ്മ സമൂഹത്തിനെയും സമാനമായ ചില തൊഴിൽ മേഖലകളെയും കാലഘട്ടത്തിനനുസരിച്ച് സാമ്പത്തിക പിന്തുണ നൽകി കൊണ്ട്, അവർക്കാവശ്യമായ പരിശീലനം നൽകി കൊണ്ട് അവരുടെ ബിസിനസ്സ് വളർത്തിയെടുക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് പി.എം. വിശ്വകർമ്മ യോജന.

2016-17 സാമ്പത്തിക വർഷത്തിൽ ഒരു വ്യവസായ പാർക്ക് തുടങ്ങുന്നതിനു വേണ്ടി എറണാകുളം ജില്ലയിലെ അങ്കമാലിയിൽ **INKEL** നിർമിച്ച വ്യവസായ സമുച്ചയത്തിൽ 42000 ചതുരശ്ര അടി കെട്ടിടം കെ.എസ്.ഐ.ഡി.സി ഏറ്റെടുത്ത്

| | | | |
|---|---|---|---|
| | | | വനിതകൾക്ക് മാത്രമായി വ്യവസായം തുടങ്ങുന്നതിനായി Women Entrepreneurs Space (WE Space) സൗകര്യം നൽകുന്നു.<br><br>കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 59 ഓളം വനിതാ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്യുകയും അവരുടെ സംരംഭങ്ങളെല്ലാംതന്നെ വിജയകരമായി പ്രവർത്തിച്ചുവരികയും ചെയ്തുവരുന്നു |
| (ബി) | ഇവരുടെ സംരംഭകത്വ വികസനത്തിനായി എന്തെല്ലാം സഹായങ്ങളാണ് ആസൂത്രണം ചെയ്തു നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്? | (ബി) | സംസ്ഥാനത്തെ വനിതകൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിലവിലുള്ള ചെറുകിട, ഇടത്തരം സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി., WE-മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നു. സംരംഭം വിപുലീകരിക്കുന്നതിനു വി-മിഷൻ പദ്ധതി പ്രകാരം, മിനിമം 10 ലക്ഷം രൂപ വാർഷിക വരുമാനമുള്ളവർക്ക് 51% കുറയാത്ത ഓഹരിയുള്ള വനിതാ സംരംഭകർക്ക് പരമാവധി 50 ലക്ഷം രൂപ വരെ നിബന്ധനകൾക്ക് വിധേയമായി ലോൺ നൽകി വരുന്നു. നിലവിൽ 7.5% പലിശനിരക്കിൽ ആറ് വർഷത്തേയ്ക്കാണ് പ്രസ്തുത വായ്പ നൽകുന്നത്. കെ.എസ്.ഐ.ഡി.സി, 2017-18 മുതൽ 2025-26 വരെ മുപ്പത്തിനാലോളം വനിതാ സറംഭകർക്കായി **812** ലക്ഷം രൂപയുടെ ധനസഹായം നൽകുവാനും തദ്വാരാ ഏകദേശം അഞ്ഞൂറോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്.<br><br>കേരള സർക്കാർ 2023 ലെ വ്യവസായ നയത്തിൽ സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. ഇതിലൂടെ അവരുടെ ബിസിനസ്സ് ആരംഭിക്കാനും വികസിപ്പിക്കാനും നികുതി ഇളവുകൾ, ലോണുകൾ, പരിശീലനവും സാങ്കേതിക സഹായവും എന്നിവ നൽകി പിന്തുണ നൽകുന്നു. ഈ നയം വനിത സംരംഭകരുടെ വളർച്ചക്കൊപ്പം കേരളത്തിലെ വ്യവസായ രംഗത്തെ സമതുലിതമായ വികസനത്തിനും സഹായകമാണ്. |

സെക്ഷൻ ഓഫീസർ